സിക് സർജറി വിഭാഗത്തിൽ ബൈപാസ് സർജറി ആരംഭിച്ചു. നെഫ്രോളജി-യൂറോളജി വിഭാഗത്തിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയവിഭാഗം തുടങ്ങി. പുതിയ ഡയാലിസിസ് മെഷ്യനുകൾ ലഭ്യമാക്കി. പീഡിയാട്രിക്സ്, കോസ്മോറ്റിക്സ് ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങി. മൊബൈൽ ഡയബറ്റിക് ക്ലിനിക് തുടങ്ങി. സർജിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിച്ചു. ബ്ലഡ് കമ്പോണന്റ് സെപറേഷൻ യൂണിറ്റ് പ്രവർത്തനം തുടങ്ങി. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ ആന്റിയോപ്ലാസ്റ്റി ചികിൽസ ആരംഭിച്ചു. തൊറാസിക് വിഭാഗത്തിൽ ബൈപാസ് ശസ്ത്രക്രിയകൾ നടത്തുവാൻ തുടങ്ങി. റേഡിയോ തെറാപ്പി വിഭാഗത്തിൽ ടെലികൊബാൾട്ട് ചികിൽസ ആരംഭിച്ചു.

141 (1745) മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിലവിൽ സംസ്ഥാനത്തെ സ്വകാര്യമെഡിക്കൽ സേവനരംഗത്ത് ലഭ്യമായ അനേകം സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകളും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എത്ര സൂപ്പർസ്പെഷ്യാലിറ്റി ശാഖകൾ തുറന്നിട്ടുണ്ട്; അവ ഏതൊക്കെയാണ്;

(സി) മെഡിക്കൽ കോളേജുകളിൽ കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ശാഖകൾ തുറക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ ചില സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശൂർ മെഡിക്കൽ കോളേജിൽ യൂറോളജി വകുപ്പും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നെഫ്രോളജിവകുപ്പും തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു. കൂടാതെ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽകോളേജുകളിൽ കാർഡിയോളജി, തൊറാസിക് സർജറി, നെഫ്രോളജി-യൂറോളജി എന്നീ വിഭാഗങ്ങളിലെ നിലവിലുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇനിയും കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ശാഖകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

142 (1746) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly